# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം.3921 — 24.08.2017-ൽ മറുപടിയ്ക്ക്

**ഫോക്‌ലോർ സർവ്വകലാശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) | ഫോക്‌ലോർ രംഗത്ത് നിരവധി സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ഫോക്‌ലോർ രംഗത്ത് പൂരക്കളി അക്കാദമി, മാപ്പിളകലാ അക്കാദമി, ക്ഷേത്രകലാ അക്കാദമി എന്നിവ സർക്കാർ സ്ഥാപനങ്ങൾ എന്ന നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ട്രസ്റ്റുകളുടെ രൂപത്തിൽ ഏതാനും സംഘടനകളും പ്രവർത്തിച്ചുവരുന്നുമുണ്ട്. ഫോക്‌ലോർ ഫെല്ലോസ് ഓഫ് മലബാർ (ട്രസ്റ്റ്) പയ്യന്നൂർ, കേരള ഫോക്‌ലോർ സെന്റർ ട്രസ്റ്റ് (അഴീക്കോട്), ഫോക് ലാൻഡ് (ട്രസ്റ്റ്) പയ്യന്നൂർ, കടത്തനാട് ഫോക്‌ലോർ അക്കാദമി (ട്രസ്റ്റ്) വടകര, തെയ്യം അനുഷ്ഠാന പഠനകേന്ദ്രം (ട്രസ്റ്റ്) പഴയങ്ങാടി എന്നിവ ഇതിൽ ചിലതാണ്. |
| (ബി) | ഈ മേഖലയിലെ വൈവിധ്യ സ്ഥാപനങ്ങളെ ഒന്നിച്ച് ചേർത്ത് ഒരു ഫോക്‌ലോർ സർവ്വകലാ ശാല രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും | ഇപ്പോൾ പരിഗണനയിലില്ല |
| (സി) | ഇല്ലായെങ്കിൽ ഒരു കല്പിത സർവ്വകലാശാലയെങ്കിലും രൂപം നൽകുമോ? | | |

സെക്ഷൻ ഓഫീസർ